## ഉയിർപ്പ് – ജീവനിലേക്ക് തുറന്ന വാതിൽ

“ നിങ്ങൾ അത്ഭുതപ്പെടേണ്ട കുരിശിൽ തറക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല” വി: മർക്കോസ് 16:6.

പരിശുദ്ധ വലിയ നോമ്പിലെ നിദാന്ത പ്രാർത്ഥനയുടേയും പരിത്യാഗത്തിൻേറയും ആത്മ വിശുദ്ധീകരണത്തിൻേറയും ഒടുവിൽ നമുക്ക് ലഭിക്കുന്ന പ്രത്യശയുടേയും പ്രതീക്ഷയുടേയും ദൂതാണു ഉയിർപ്പ്.

ഒരിക്കൽ രണ്ട് തടവുകാർ തടവറയുടെ ജാലകത്തിലൂടെ പുറത്തേക്ക് നോക്കി ഒന്നാമൻ പറഞ്ഞു മുറ്റം നിറയെ ചെളിയും കരിയിലയും രണ്ടാമൻ ആകാശത്തേക്ക് നോക്കി പറഞ്ഞു തെളിഞ്ഞ ആകാശം. രാവിൽ നിറയെ നക്ഷത്രങ്ങൾ കാണാം. ഈ ശുഭപ്രതീക്ഷയുടെ സന്ദേശമാണു ഈസ്റ്റർ സമ്മാനിക്കുന്നതു

യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ് മാനവ വംശത്തിനു സന്തോഷവും പ്രത്യാശയും നൽകുന്നു. ജീവിത പരാജയങ്ങളിലും പ്രതിസന്ധികളിലും യേശുക്രിസ്തുവിൻെറ ഉയിർപ്പിലേക്ക് നോക്കി ആശ്വസിക്കാനും പ്രത്യാശിക്കുവാനും സാധിക്കുന്നു. മഗ്ദലന മറിയം അതിരാവിലെ കണ്ണുനീരോടെ സുഗന്ധദ്രവ്യങ്ങളോടെ യേശുവിൻെറ കല്ലറയിൽ എത്തിയപ്പോൾ കണ്ടത് തുറക്കപ്പെട്ട കല്ലറയാണു. കല്ലറക്കുള്ളിൽ ദൂതർ ചോദിക്കുന്നു “ ജീവിച്ചിരിക്കുന്നവനെ നിങ്ങൾ എന്തിനു മരിച്ചവരുടെ ഇടയിൽ തിരയുന്നു” വി: ലൂക്കോസ് 24:5 . ഈ സംഭവം മരണത്തിനപ്പുറമുള്ള കാഴ്ച എന്തെന്നും മരണത്തിനപ്പുറം ജീവനിലേക്കുള്ള തുറന്ന വാതിൽ ഉണ്ടെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ജീവിതവഴിയിലെ വാതിലുകൾ അടയുമ്പോൾ നിത്യജീവനിലേക്കുള്ള ഒരു വാതിൽ തുറന്നുകിട്ടുന്നു.

എന്നാൽ ജീവനുണ്ടെന്നും ജീവിക്കുന്നു എന്നും അഹങ്കരിക്കുന്ന നാം പലപ്പോഴും മരിച്ചവരെ കണക്ക് ജീവിക്കുമ്പോൾ മരിച്ചെന്നു കരുതിയ ചിലർ ജീവിച്ചിരിക്കുന്നവരേക്കാൾ സജീവരാകുന്നുണ്ട്. ധൂർത്ത് പുത്രൻെറ മടങ്ങിവരവിൽ അവൻെറ പിതാവ് പറയുന്ന ഒരു കാര്യം ഇവിടെ പ്രസക്തമാണു. “ എൻെറ ഈ മകൻ മരിച്ചവനായിരുന്നു അവൻ ഇതാ വീണ്ടും ജീവിക്കുന്നു” വി: ലൂക്കോസ് 15:24. ആശിക്കുവാൻ ഒന്നുമില്ല എന്നു നിരാശപ്പെടുന്നവർക്ക് ജീവിക്കുവാനുള്ള പ്രത്യാശയും പ്രേരണയും ക്രിസ്തുവിൻെറ ഉയിർപ്പിലൂടെ ലഭിക്കുന്നു. ജീവിത അന്ധകാരത്തിൽ നിന്നും ക്രിസ്തുവിൽ പുനർജനിക്കുവാനുള്ള പ്രകാശത്തിൻെറ ക്ഷണമാണു ഈസ്റ്റർ.

ഖലീൽ ജിബ്രാംൻെറ ഒരു കഥയുണ്ട്. കുടുംബത്തിനുവേണ്ടി അന്യനാട്ടിൽ അദ്ധ്വാനിക്കുന്ന ഒരു മനുഷ്യൻ വർഷങ്ങൾക്ക് ശേഷം തൻെറ സമ്പാദ്യങ്ങൾ മടിശീലയിലാക്കി ശുഭപ്രതീക്ഷയോടെ വീട്ടിലേക്ക് മടങ്ങുന്നു. വഴിയിൽ ഒരു നദി കടക്കണം. കുശലം ചോദിച്ച ഒരു കടത്തുകാരൻ നദിയിലെ ചുഴികളേയും ആപത്തുകളേയും സൂചിപ്പിച്ച് നീന്തൽ അറിയുമോ എന്നാരാഞ്ഞു. ഇല്ല എന്ന് അയാൾ ഉത്തരം പറഞ്ഞു. യാത്രാമദ്ധ്യേ അറം പറ്റിയപോലെ വഞ്ചി ചുഴിയിൽ പെട്ട് മറിഞ്ഞു. കടത്തുകാരൻ നീന്തി അക്കരെ ചെല്ലുമ്പോൾ വ്യകുലപ്പെട്ടത് ഇയാളെപ്പറ്റിയായിരുന്നു. ഒരുപാട് സ്വപ്നവും പ്രതീക്ഷയുമായി വന്നയാൾക്ക് എന്ത് സംഭവിച്ചിട്ടുണ്ടാവും. എന്നാൽ കരക്കെത്തിയ കടത്തുകാരൻ അത്ഭുതപ്പെട്ടു. അയാൾക്ക് മുമ്പേ ഇയാൾ കരക്കെത്തിയിരുന്നു. അൽപം നീരസത്തോടും അമർഷത്തോടും കൂടെ നീന്തൽ അറിയില്ലെന്നു നുണ പറഞ്ഞതെന്തെന്ന് അയളോട് ചോദിച്ചു. ഇയാൾ പറഞ്ഞു സത്യമായിട്ടും എനിക്ക് നീന്തൽ അറിയില്ല മുങ്ങിത്തുടങ്ങിയപ്പോൾ എൻെറ മനസ്സിൽ വന്നത് എന്നെ കാത്തിരിക്കുന്ന ഭാര്യയും കുഞ്ഞുങ്ങളും. ദൈവമേ ഇത്രയും നാളത്തെ എൻെറ അദ്ധ്വാനം അവരുടെ സ്വപ്നം എന്നിലർപ്പിച്ച സ്നേഹം എല്ലാം ഓർത്തപ്പോൾ ആ നിമിഷം എനിക്കൊരു ശക്തി ലഭിച്ചു. ഇരുകരങ്ങളും അടിച്ച് ഞാൻ കരപറ്റി. സത്യമായും ഒന്നുകൂടി ഈ പുഴയിൽ വീണാൽ കല്ല് താഴുന്നതുപോലെ ഞാൻ താണുപോകും.

പ്രിയമുള്ളവരെ വിജയിക്കില്ലെന്നും പരജയപ്പെട്ടു എന്നു കരുതുന്നവർക്ക് വലിയ പ്രത്യാശയും പ്രതീക്ഷ്യും നൽകുന്നതാകട്ടെ ഈ ഉയിർപ്പ് പെരുന്നാൾ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും സ്നേഹത്തിൻേറയും സമാധാനത്തിൻേറയും ഈസ്റ്റർ ആശംസകൾ നേരുന്നു.

കർത്താവിൽ എളിയ ശ്രുശ്രൂഷകൻ ബിജുമോൻ അച്ചൻ